## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7487** **17-07-2012 - ലെ മറുപടിയ്ക്ക്**

### വയലുകൾ വ്യാപകമായി നികത്തുന്നത് തടയാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. പി. ഉബൈദുള്ള | | ശ്രീ. കെ.പി.മോഹനൻ (ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) | നെല്ലും മറ്റു വിളകളും കൃഷി ചെയ്തിരുന്ന വയലുകൾ വ്യാപകമായി നികത്തുന്ന പ്രവണത സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | അനധികൃതമായി ഭൂമി നികത്തി ഹരിതപ്രതീക്ഷയെ തകർക്കുന്ന ഇട നിലക്കാരെ നിയന്ത്രിക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കുമോ; | (ബി) | അനധികൃതമായി ഭൂമി നികത്തി ഹരിത പ്രതീക്ഷയെ തകർക്കുന്നത് നിയന്ത്രിക്കുന്നതിനുള്ള കർശനമായ വ്യവസ്ഥകൾ 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (സി) | കൃഷിഭൂമി സംരക്ഷിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുമോ ; | (സി) | കൃഷി ഭൂമി സംരക്ഷിക്കപ്പെടുന്നതിനു പുറമേ തരിശ്ശായി കിടക്കുന്ന നെൽവയലുകൾ കൃഷി ചെയ്യിക്കുന്നതിനും 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ടിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ആക്ടിലെ വ്യവസ്ഥ അനുസരിച്ച് നെൽവയലുകൾ, തണ്ണീർത്തടങ്ങൾ എന്നിവ അനധികൃതമായി പരിവർത്തനപ്പെടുത്താൻ പാടില്ല. |
| (ഡി) | നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പാഡി ബോർഡ് സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ? | (ഡി) | നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 12-02-08 ലെ സ.ഉ.(എം.എസ്) നം. 26/08/കൃഷി പ്രകാരം പാഡിബോർഡ് രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ